പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 223

15-07-2016 - ൽ മറുപടിക്ക്

## വ്യവഹാര നയം

**ചോദ്യം**

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. കെ.സി.ജോസഫ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഹൈബി ഈഡൻ

ശ്രീ. എ.കെ.ബാലൻ, ബഹു. പട്ടിക ജാതി, പട്ടികവർഗ്ഗ, പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി.

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് വ്യവഹാര നയം നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | സംസ്ഥാനത്ത് അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിന് 03.12.2011 തീയതിയിലെ സ.ഉ(അച്ചടി) നമ്പർ 12/2011/നിയമം പ്രകാരം സംസ്ഥാന വ്യവഹാരനയം രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദീകരിക്കാമോ; | സംസ്ഥാന വ്യവഹാരനയത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാന സർക്കാരിനെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്വവുമുള്ള വ്യവഹാരിയാക്കി മാറ്റുകയും സർക്കാർ കക്ഷിയായുള്ള കേസുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി കാലാവധി പതിനഞ്ച് വർഷത്തിൽ നിന്നും മൂന്ന് വർഷമായി കുറയ്ക്കുക എന്നതും ആണ്. എ.ഡി.ആർ സംവിധാനങ്ങളായ മീഡിയേഷൻ, ആർബിട്രേഷൻ തുടങ്ങിയവ വഴി വിഷയങ്ങൾ വ്യവഹാരങ്ങൾ കൂടാതെ ഒത്തുതീർപ്പാക്കുക എന്നതും ഇതിൽ ലക്ഷ്യമിടുന്നു. കൂടാതെ കേസുകളുടെ നടത്തിപ്പ് ഏകോപിതമായും സമയ ബന്ധിതമായും പൂർത്തിയാക്കുകയും ശരിയായ കേസ്സുകൾ ഫലപ്രദമായി നടത്തുകയും അനാവശ്യ |

| | | |
|---|---|---|
| | | വ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയും വഴി സംസ്ഥാന ഖജനാവിന് കേസ് നടത്തിപ്പിൽ വരുന്ന ഭീമമായ ചെലവ് ലഘൂകരിക്കുകയും ചെയ്യുക എന്നതുമാണ്. |
| (സി) | പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി എന്ന് വിശദമാക്കാമോ ? | സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താലൂക്ക് അടിസ്ഥാനത്തിലും, ജില്ലാ അടിസ്ഥാനത്തിലും, ഓരോ എംപവേർഡ് കമ്മിറ്റി വീതം രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും പരിശോധിച്ച് വേണ്ട നടപടികളും നിർദ്ദേശങ്ങളും നൽകുന്നതിന് വേണ്ടി സംസ്ഥാനതല എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരണമെന്ന് വ്യവഹാര നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കമ്മിറ്റികൾ കൂടുകയും സർക്കാർ കക്ഷിയായിട്ടുള്ള കേസുകളുടെ നടത്തിപ്പ് വിശകലനം ചെയ്യാറുമുണ്ട്. സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ലാ ആഫീസർമാരെ നിയമ (നോഡൽ) ആഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പതിനൊന്ന് ജില്ലകളിൽ നിയമ (നോഡൽ) ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ കൂടി നിയമ (നോഡൽ) ആഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

ഉത്തരവിൻ പ്രകാരം,

ഡ സെക്ഷൻ ഓഫീസർ.